LIBRARY ARCHIVES Kerala Legislative Assembly

യൂണിയൻ മാനേജിംഗ് കമ്മിറ്റിയിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിന് വ്യവസ്ഥയില്ലായിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ എല്ലാ വിഭാഗം സഹകരണ സംഘങ്ങൾക്കും മതിയായ പ്രാതിനിധ്യം നൽകികൊണ്ട് സഹകരണ ചട്ടം 128 ഭേദഗതി ചെയ്യണമെന്ന് 20-5-2003-ൽ ചേർന്ന സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മറ്റിയുടെ തീരുമാനം പരിഗണിക്കേണ്ടതാണെന്ന് വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ യൂണിയനുകളിൽ ഡെയറി, ഫിഷറീസ് വ്യവസായ സഹകരണ സംഘങ്ങൾക്കുകൂടി പ്രാതിനിധ്യം നൽകുന്നത് ഉചിതമാണെന്ന് ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭിക്കുകയും ടി സംഘങ്ങൾക്കും കൂടി പ്രാതിനിധ്യം നൽകിക്കൊണ്ട് 7-2-2004-ലെ ജി.ഒ. (പി) 52/04 സഹ നംപറായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സഹകരണ യൂണിയന്റെ ഘടന അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഇപ്പോൾ മൂന്നുപേർ അടങ്ങുന്ന ഒരു കമ്മിറ്റിയാണ് ഭരണം നടത്തുന്നത്.

(ഇ) വ്യക്തമാക്കാം.

കേരള സഹകരണ നിയമം വകുപ്പ് 89 (ഇ) പ്രകാരം സർക്കിൾ സഹകരണ യൂണിയനുകളിലെ തെരഞ്ഞെടുക്കപ്പെട്ട വനിതാ അംഗങ്ങളിൽ നിന്നും നിയമാനുസൃതം തെരഞ്ഞെടുക്കപ്പെടുന്ന ഒരു വനിതാ അംഗത്തെയും വകുപ്പ് 89 (എഫ്) പ്രകാരം സർക്കിൾ സഹകരണ യൂണിയനുകളിലെ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങളിൽ നിന്ന് നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഒരു പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗത്തേയും സംസ്ഥാന സഹകരണ യൂണിയനിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്.

എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ നടപടി

83 [1401] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്. സി./എസ്. ടി. സഹകരണ സംഘങ്ങൾ വിവിധങ്ങളായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആകെ എത്ര എസ്. സി./എസ്. ടി. സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; താലൂക്ക് തിരിച്ചുള്ള എണ്ണം അറിയിക്കുമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ ഇല്ലാത്ത എത്ര സംഘങ്ങളാണ് നിലവിലുള്ളത്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക പ്രതിസന്ധിയിലും സംഘടനാ പ്രശ്നങ്ങളിലും അകപ്പെട്ട എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പുമായി സഹകരിച്ച് സംഘങ്ങളുടെ രക്ഷയ്ക്കും സംഘങ്ങളുടെ പുരോഗതിക്കും വേണ്ടി ഒരു പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 749 ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 215 എണ്ണം.

(ഡി) എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ നഷ്ടം നികത്തി പ്രവർത്തനം പുനരുദ്ധരിക്കുന്നതിനായി മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഓഹരി, സബ്സിഡി എന്നിവ നൽകി വരുന്നു. കൂടാതെ നബാർഡിന്റെ സാങ്കേതിക സഹായത്തോടെ സ്വാശ്രയ ഗ്രൂപ്പ് പദ്ധതിയും ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികളും സമർപ്പിക്കുന്നുണ്ട്.

(ഇ) എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ പ്രവർത്തനം നല്ല രീതിയിൽ നടത്തുന്നതിനായി കൺസ്യൂമർ സാധനങ്ങളുടെ ഉല്പാദനവും വില്പനയും കോഫി വെൻഡിംഗ് യൂണിറ്റുകൾ, എസ്. റ്റി.ഡി. ബൂത്തുകൾ, ഐ. റ്റി. സെൻററുകൾ, ചെറുകിട ഇൻഡസ്ട്രിയൽ യൂണിറ്റുകൾ മുതലായവ നടത്തുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോർപ്പസ് ഫണ്ടിൽനിന്ന് ധനസഹായം ലഭ്യമാക്കുന്നതിന്, അർഹമായ അപേക്ഷകൾ ശുപാർശ ചെയ്ത് അയച്ചിട്ടുണ്ട്.

ആഡിറ്റ് കുടിശ്ശിക തീർക്കൽ നടപടി

84 [1405] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ആഡിറ്റ് ഇപ്പോൾ ഏത് വർഷം വരെ പൂർത്തിയായിട്ടുണ്ടെന്ന് മേഖല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ആഡിറ്റ് കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് ജീവനക്കാർക്ക് നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[8-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 48 (1353) കാണുക.]

വർഷം	ആകെ ലഭിച്ച അപേക്ഷകൾ	മരണാനന്തര സഹായത്തിന്	മറ്റ് അനുകൂല്യങ്ങൾക്ക്	തള്ളിക്കളഞ്ഞ അപേക്ഷകൾ
2000-01	315	276	39	12
2001-02	336	275	61	6
2002-03	174	158	18	6
2003-04	199	182	17	10

അനുബന്ധം V

[8-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (1401) കാണുക.]

സംസ്ഥാനത്തുള്ള എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	ജില്ല	താലൂക്ക്	എണ്ണം	ആകെ എണ്ണം
(1)	(2)	(3)	(4)	(5)
1	തിരുവനന്തപുരം	തിരുവനന്തപുരം	15	
		നെയ്യാറ്റിൻകര	26	
		ചിറയിൻകീഴ്	16	93
		നെടുമങ്ങാട്	36	
2	കൊല്ലം	കൊല്ലം	22	
		കൊട്ടാരക്കര	19	
		കരുനാഗപ്പള്ളി	10	68
		പത്തനാപുരം	10	
		ശാസ്താംകോട്ട	7	
3	ആലപ്പുഴ	കുട്ടനാട്	9	
		ചേർത്തല	21	
		അമ്പലപ്പുഴ	9	
		കാർത്തികപ്പള്ളി	13	73
		മാവേലിക്കര	14	
		ചെങ്ങന്നൂർ	7	
4	പത്തനംതിട്ട	കോഴഞ്ചേരി	10	
		റാന്നി	8	
		അടൂർ	12	43
		തിരുവല്ല	8	
		മല്ലപ്പള്ളി	5	
5	ഇടുക്കി	തൊടുപുഴ	9	
		ഉടുമ്പൻചോല	9	31
		പീരുമേട്	7	
		ദേവികുളം	6	

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

(1)	(2)	(3)	(4)	(5)
6	കോട്ടയം	കോട്ടയം	11	
		മീനച്ചിൽ	10	48
		വൈക്കം	8	
		കാഞ്ഞിരപ്പള്ളി	10	
		ചങ്ങനാശ്ശേരി	9	
7	എറണാകുളം	കുന്നത്തുനാട്	13	
		പറവൂർ	6	
		കൊച്ചി	10	
		ആലുവ	9	61
		കണയന്നൂർ	6	
		കോതമംഗലം	9	
		മൂവാറ്റുപുഴ	8	
8	തൃശൂർ	തൃശൂർ	15	
		തലപ്പള്ളി	15	
		ചാവക്കാട്	16	76
		മുകുന്ദപുരം	25	
		കൊടുങ്ങല്ലൂർ	5	
9	പാലക്കാട്	പാലക്കാട്	12	
		ആലത്തൂർ	18	
		ചിറ്റൂർ	18	81
		മണ്ണാർക്കാട്	19	
		ഒറ്റപ്പാലം	14	
10	മലപ്പുറം	തിരൂർ	16	
		പെരുന്തൽമണ്ണ	14	73
		പൊന്നാനി	4	
		ഏറനാട്	39	
11	കോഴിക്കോട്	കോഴിക്കോട്	17	
		കൊയിലാണ്ടി	16	37
		വടകര	4	
12	വയനാട്	മാനന്തവാടി	8	
		വൈത്തിരി	10	23
		സുൽത്താൻബത്തേരി	5	
13	കണ്ണൂർ	കണ്ണൂർ	8	
		തളിപ്പറമ്പ്	3	19
		കുത്തുപറമ്പ്	7	
		തലശ്ശേരി	1	
14	കാസർഗോഡ്	ഹോസ്ദുർഗ്	11	
		കാസർഗോഡ്	12	23
		ആകെ		749

LIBRARY ARCHIVES Kerala Legislative Assembly.